"ജ്യോതിസ് " ഡിജിറ്റൽ മാഗസിൻ



**നന്ദി**

"ജ്യോതിസ് "കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നതിന് മാർഗ്ഗദീപം കാട്ടിത്തന്ന അധ്യപകർക്കും എന്റെ കൂട്ടുകാർക്കും ഒരായിരം നന്ദി മുന്നോട്ടുള്ള പ്രയാണത്തിൽ തുടർന്നും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി  അനുഗ്രഹിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സമർപ്പിക്കുന്നു

എഡിറ്റർ

# ആശംസ



വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിൽ സ്കൂൾതല പാഠ്യപദ്ധതിയ്ക്കപ്പുറമായി ലിറ്റിൽ കൈറ്റസ് കുട്ടികൾ സാങ്കേതിക വിദ്യയുടെ പുതിയ തലങ്ങൾ തീർക്കുന്ന ഈ കാലഘട്ടത്തിൽ "ജ്യോതിസ് " എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ്മാസ്റ്റർ
ലൂഥറൻ എച്ച് എസ്എസ്
സൗത്ത് ആര്യാട്ആലപ്പുഴ

**ഉള്ളടക്കം**

33.....1
നന്ദി.....2
ആശംസ.....3
മഴ.....5
എള്ളുണ്ടഎളുപ്പത്തിൽ ഉണ്ടാക്കിയാലോ?.....6
ഓർമ്മകൾ.....7
മഴ വന്നു.....8
ഭിന്നസംഖ്യകളേ...ഭിന്നസംഖ്യകളേ.....9
മഴയെന്നു നാശം.....10
ചിക്കൻ പുലാവ്.....11
ഓർമ്മകൾ.....12
ഗണിത സ്നേഹം.....13

ലക്ഷ്മണ സാന്ത്വനത്തിന്റെപ്രസക്തി....15
ലൂഥറൻ ഹയർസെക്കന്ററി - സ്കൂൾ....19
തുണയില്ലാത്ത ജന്മങ്ങൾ....21
പെയ്തിട്ടുപോരാതെ....23
ദു:ഖിതൻ....24
ദശാംസംഖ്യകൾ – ഒരു തിരുവാതിരപ്പാട്ട്....25
വൈലോപ്പിള്ളി ശ്രീധരമേനോൻ....27

## മഴ



മഴ മഴ മഴ മഴ പെയ്യുന്നു
മലർമഴ പുതുമഴ പെയ്യുന്നു
പാലു പോലുള്ള മഴ പലമഴ
പവിഴമഴ ഇടിമഴ തുടിമഴ
നല്ലമഴ.

ഗൗരി നന്ദന

**എള്ളുണ്ടഎളുപ്പത്തിൽ ഉണ്ടാക്കിയാലോ?**

അവശ്യമായ സാധനങ്ങൾ

വെളുത്ത എള്ള് : അര കപ്പ്

ശർക്കര :ഒരു കപ്പ്

നെയ്യ്

:അര ടീസ് പൂൺ



തയ്യാറാക്കുന്നവിധം

എള്ള് വറുത്തെടുക്കുക

ഇനി ശർക്കര ഉരുക്കി അതിലേക്ക്

ഒഴുച്ചോളൂ

ഇതിനൊപ്പം എള്ള് ചേർത്ത് ഇളക്കി യോജിപ്പിക്കുക

ഇളംചൂടോടെ നുള്ളിയെടുത്ത് ഉരുളകളാക്കാം

എള്ളുണ്ട തയ്യാർ

ഇർഫാൻ

# ഓർമ്മകൾ



പോയകാലത്തിന്റെ കാണാപ്പുറങ്ങൾ
തേടിയിന്നലയുന്ന എൻ ഹൃദയം....
എന്നോ കുറിച്ചിട്ട കപടകാവ്യം
പോലെ തെളിയുന്ന ഓർമ്മകൾ
ഹൃദയതാളത്തിൽ.........
ചിന്നിച്ചിതറുന്നചിന്തകളിൽ ഉണരുന്ന
എവിടെ എവിടെ പോയകാലം......

*വർഷ പ്രഭു*


## മഴ വന്നു



*നോക്കു തുമ്പീ, ബഹു*
*സുഖമേകും*
*മാരിപതിക്കുന്നു ;*
*കേൾക്കു മധുരം,മധുരം*
*ലളിതം*
*കിളികൾ ചിലയ്ക്കുന്നു;*
*കന്നിക്കാറ്റും കളലറും നാദം*
*കാതു തുളയ്ക്കുന്നു*
*മിന്നൽപ്പിളരുകൾ മിന്നിച്ചിന്നി കണ്ണുമയക്കുന്നു*
*പുഴകഴളിലോരോ നരയാൽ  പുഞ്ചിരി ളുകി-*
*ക്കൊണ്ടിപ്പോൾ*
*തഴകീടുന്നു തമ്മിൽ തമ്മിൽ ത്തരളതരംഗങ്ങൾ*
*" തർ,തറ" നാളം നീളെ മുഴക്കി-*
*ത്തവളകൾ കേഴുന്നു;*
*പുത്തൻ വെള്ളം വന്നിഹ നമ്മുടെ*
***കളവും നിറയുന്നു.***

***അഖില***

## ഭിന്നസംഖ്യകളേ...ഭിന്നസംഖ്യകളേ..




ഭിന്നസംഖ്യകളേ  ഭിന്നസംഖ്യകളേ
ഒന്നിനെ ഭിന്നിച്ചാൽ കിട്ടുന്ന
ഭിന്ന സംഖ്യകളേ, ഭിന്നസംഖ്യകളേ
ഒന്നിലും ചെറിയവരേറെ
ഒന്നിൽ വലിയവരേറെ
ദശാംശഭിന്നം സധാരണ ഭിന്നം
മിശ്രഭിന്നവും നിങ്ങൾ തന്നെ
ദശാംശഭിന്നവും നിങ്ങൾ
ഒന്നിനെ പത്തായിഭിന്നിച്ചാലതോ
ദശാംശ ഭിന്നം[ഓഹോ]ദശാംശ ഭിന്നം
അംശം ചെറുതായ് ഛേദം വലുതായ്
സാധാരണഭിന്നം[ഒഹോ]സാധാരണ ഭിന്നം
ഛേദം ചെറുതായ് അംശം വലുതായ്
വരുന്നതോ വിഷമഭിന്നമതേ
പൂർണസംഖ്യയും സാധാരണഭിന്നവും
ഒത്തു ചേർന്നാലതേ
മിശ്രഭിന്നം[ഒഹോ]മിശ്രഭിന്നം.

***സോന***

## മഴയെന്തു നാശം



മഴയൊന്നു നിന്നെങ്കിൽ
മതിയായിവെള്ളം
വെയിലൊന്നു
വന്നെങ്കിൽ ! മുടിയട്ടെ
ശൈത്യം
മഴവന്ന കാലത്തു മഴ തന്നെ നിത്യം
ഒരുതുള്ളി തോരാത്ത മഴയെന്തു ശല്യം
അകമേകിടന്നാകിലിരുളിന്റെ മൂലം
വെളിയിൽ കടക്കേണ്ട; കുളിരിന്റെ കുഞ്ഞേ
ഇറയത്തിരിക്കേണ്ട തുമാനവർഷം
പുറമേ ചവിട്ടേണ്ട ചളികൊണ്ട കഷ്ടം
തുളിയൊന്നു മുക്കേണ്ട;തോരയ്ണ്ടതോറ്റു
വിറകെണ്ട കരയെണ്ട ? മഴകൊണ്ടുതോറ്റു
മഴയെമർന്തു മോശം മഴയെന്തു നാശം
മഴയെത്ര നീചം, മഴയെത്ര ഹീനം!
***മഴവന്ന കാലത്തു മഴയെത്ര നാശം!***

***അഭിനവ്***

## ചിക്കൻ പുലാവ്

ആദ്യമായി കുറച്ച് കുരുമുളക് ,ഗ്രാമ്പൂ,കറുവപ്പട്ട , കസ്കസ്,ജീരകം,മൈദ എന്നിവ ചേരുവകൾ എണ്ണയില്ലാതെ വറുത്ത് സവാള,വെളുത്തുള്ളി, തേങ്ങ ഇവ ചേർത്ത് അരച്ചെടുക്കുക.



പച്ചമുളക്,സവാള ഇവ അരിഞ്ഞ് നെയ്യിൽ വഴറ്റി വെളുത്തുള്ളി ഇഞ്ചി ഇവ ചതച്ചിട്ട് ഇളക്കുക.പിന്നെ മുളക്പൊടി മഞ്ഞൾ പൊടി, കോഴികഷണങ്ങൾ പാകത്തിന് ഉപ്പും വെള്ളവും ചേർത്ത് വേവിക്കുക. പാതിവേവാകുമ്പോൾ തേങ്ങ അരപ്പും അരിയും ചേർത്തിളക്കുക.അരിയുടെ ഇരട്ടി വെള്ളവും പാകത്തിന് ഉപ്പും ചേർത്ത് വേവിക്കുക.വെന്തുകഴിഞ്ഞാൽ മല്ലിയില ചേർത്ത് ഇളക്കുക.കുറച്ച് സമയം കഴിഞ്ഞാൽ ചിക്കൻ പുലാവ് തയ്യാറായി.

പൂജ

# കവിത




**ഓർമ്മകൾ**

ഇന്നെന്റെ മനസ്സിൽ
മധുരങ്ങളില്ല
മധുരം വിളമ്പൻ
സ്വപ്നങ്ങളില്ല
സ്വയംവര ചരടുമായി
നില്ക്കുന്ന
തരുണീ മണികളില്ല മനസ്സിൽ
നിറഭേദങ്ങൾ നൽകി വസന്തം വിരിയിച്ച
ആ കാലമെന്നോ അപ്രത്യക്ഷമായി
ഓർമ്മകൾ മരിക്കുന്നില്ല
ഓർമ്മകൾ മരിച്ചിരുന്നെങ്കിൽ
ഈ മനസ്സ് എന്നേ നിർജീവമായേനേ
സ്വപ്നങ്ങൾ ഇരുട്ട് വീണപ്പോൾ
മോഹങ്ങൾ സ്തംഭിച്ചപ്പോൾ
ഞാൻ ... ഞാൻ വെറും
നിഴൽ മാത്രമാകുകയാണോ

ആതിര

**ഗണിത സ്നേഹം**




ആദിമ മനുഷ്യനിൽ
നിന്നേ തുടങ്ങീ ഗണിതം
കല്ലുകൾ
ഓരോന്നായിമാറ്റി അവർ
സംഖ്യകൾ മനസ്സിൽ
കുറിച്ചു
എണ്ണുന്ന സംഖ്യയ്ക്കു
പേരിട്ടു
എണ്ണൽ സംഖ്യ!

സംപൂജ്യനാം പൂജ്യത്തെ സംഭാവന
ചെയ്തു ഭാരതീയർ
പൂജ്യംസംപൂജ്യം വലതുവശത്തെത്തി
യാൽ വിലപത്തുമാകും

സങ്കലത്തിനനന്യം പൂജ്യം കാരണം
പൂജ്യം കൂട്ടിയാൽ തുകയിൽ മാറ്റമില്ല
ഗുണനത്തിൽനന്യദം കാരണം
ഒന്നുകൊണ്ടുഗുണിച്ചാൽ
ഫലത്തിൽ മാറ്റമില്ല

ഗുണിതത്തെ സ്നേഹിക്കൂ..
ഗണിതം നിന്നുടെ തലയിൽ വാഴട്ടെ
സ്നേഹ ഭാജനമായ്

ലൂഥറൻ എച്ച് എസ്എസ് സൗത്ത് ആര്യാട്ആലപ്പുഴ

സൂരജ്

# പുതുമഴ

*പെയ്തിട്ടു പെയ്തിട്ടും*
*മതിയാകാതെന്തേ*
*പേമാരിക്കരിമുകിലേ നീ*
*നിന്നു ചിണുങ്ങുന്നു*
*നീയെന്തേ നാട്ടിടവഴിയിൽ*
*നിന്നുപതുങ്ങുന്നു*
*നീയെന്തേ പുരയുടെ മുകളിൽ*
*താളമടിക്കുന്നു*
*നീപരതിത്തെങ്ങോലകളുടെ*
*തൊങ്ങലുലയ്ക്കുന്നു*
*നീയൂതിത്തളിർമാവുകളുടെ*
*പീലികൊഴിക്കുന്നു*
*നീയിനിയും പെയ്യാൻ നിന്നാൽ*
*മാരിക്കരിമുകിലേ*
*ഞാനെങ്ങനെ പോകുംപറയൂ*

ലൂഥറൻ എച്ച് എസ്എസ് സൗത്ത് ആര്യാട്ആലപ്പുഴ

## *പള്ളിക്കുടത്തിൽ*

## ലക്ഷ്മണ സാന്ത്വനത്തിന്റെപ്രസക്തി

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ ലക്ഷ്മണൻ ജീവിതത്തെ രാമന് വേണ്ടിയുള്ള സ്നേഹതപസാക്കി. രാമായണത്തിൽ രാമന്റെ അയനം കാണുന്നവർ ലക്ഷ്മണന്റെ അയനം കാണാതെ പോകരുത്. കോസലത്തിന്റെ കൊട്ടാരപ്പടവുകളിൽ നിന്നാണ് കൊടിയവനത്തിലേക്ക് രാമലക്ഷ്മണന്മാർ യാത്രയാകുന്നത്. രാമനോടൊപ്പം ലക്ഷ്മണൻ അനുഗമിക്കുന്നു. ഊർമിളയിൽ നിന്നു കൂടിയുള്ള വിരഹതീഷ്ണമായ പതിന്നാലു സംവൽസരങ്ങളായിരുന്നു ലക്ഷ്മണന്.

പന്നഗശായിയായ മഹാവിഷ്ണുവിന്റെ അവതാരമാണ് രാമനെന്നു പണ്ഡിതർ. അപ്പോൾ നാഗശ്രേഷ്ഠനായ അനന്തനാണ് ലക്ഷ്മണൻ.രാത്രിയിൽ ഉറക്കമില്ലാതെ രാമനു കാവൽ നിന്നത് ഓർക്കുക. ഇതുകൊണ്ടാണ് ലക്ഷ്മണനെ കാലപുരുഷനായി രാമായണം വ്യാഖ്യാനിക്കുന്നത്. യുദ്ധത്തിൽ ലക്ഷ്മണന്റെ ഭാഗം കാണുക. മരണമില്ലാത്ത കാലത്തിന്റെ പ്രതീകമാണ് ലക്ഷ്മണൻ എന്നു തെളിയിക്കുന്നു. ചില സന്ദർഭങ്ങളിൽ രാമൻ തന്നെയാണ് ലക്ഷ്മണനെന്ന സന്ദേശം കൂടി രാമായണ ത്തിന്റെ വരികളിൽ ഒളിഞ്ഞിരിക്കുന്നു.

പരാർഥത്തിനായുള്ള സ്നേഹയജ്ഞമായിരുന്നു ലക്ഷ്മണന്റെ ജീവിതം.സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ഹോമകുണ്ഡമായിരുന്നു ലക്ഷ്മണന്റെ

ജീവിതമെന്ന രാമായണം പുനർ വായന നടത്തിയവർ എല്ലാം സമ്മതിക്കും. സ്വയം സമർപ്പണത്തിന്റെ യാത്ര. സത്യത്തിന്റെ കാവലാളാണ് ലക്ഷ്മണൻ. വിശ്വാമിത്രന്റെ യാഗ രക്ഷയ്ക്കായി രാമനോടൊപ്പം കൊട്ടാരം വിട്ടു. അവിടെ തുടങ്ങി ലക്ഷ്മണൻ ത്യാഗത്തിന്റെ യാത്ര. രാമന്റെ വ്യക്തിത്വത്തെ മുൻനിർത്തിയാണ് ലക്ഷ്മണന്റെ ജീവിതരേഖയും കിടക്കുന്നത്. രാമൻ ധർമത്തിന്റെ പ്രതീകമെന്നു ലക്ഷ്മണൻ തിരിച്ചറിഞ്ഞു.

ധർമത്തെ സംരക്ഷിക്കാനുള്ള യാത്രയുടെ ഭാഗമായിരുന്നു വനവാസത്തിലെ ലക്ഷ്മണന്റെ ബ്രഹ്മചര്യം. ഊണും ഉറക്കവും വെടിഞ്ഞാണ് ലക്ഷ്മണൻ മാതൃകാ പുരുഷന്റെ കാവലാളായത്. ജീവിതയാത്രയിൽ ലക്ഷ്മണൻ ഒരിക്കലും തന്നെക്കുറിച്ച് ആലോചിച്ചേയില്ല. സരയൂ നദിയിൽ മുങ്ങി ദേഹം ഉപേക്ഷിക്കുന്നതു വരെ ലക്ഷ്മണനു മറ്റു സ്നേഹബന്ധങ്ങളുടെ ഒരു പിൻവിളിയും തടസമായില്ല.


ലോകധർമ്മമെന്ത് എന്ന് വിവേചിക്കുകയും അതുനസരിച്ച് സ്വകർമ്മങ്ങൾ ആസൂത്രണം ചെയ്തനുഷ്ഠിക്കുകയുമാണ് രാമന്റെ അയനം. ലക്ഷ്മണന്റെ അയനമാകട്ടെ, ഏതു പ്രതിസന്ധിയിലും ആത്മകർമ്മമെന്ത് എന്ന് തിരിച്ചറിഞ്ഞ് അത് സമ്യക്കായി അനുഷ്ഠിക്കുകയും അതിൻഫലമായി വന്നുകൂടുന്നത് എന്തായാലും സധീരം അനുഭവിച്ചുതീർക്കുകയും ചെയ്യുക എന്നതത്രെ. ഇതിൽ ധർമ്മനിരാസം വായിച്ചെടുക്കേണ്ടതില്ല. വിവേകിയായ രാജാവ് ആചരിക്കുന്ന കർമ്മം, കാലംകൊണ്ട് ലോകധർമ്മമാവും എന്നാണ് വിധി.

ആധുനിക മനുഷ്യന് മാർഗനിർദ്ദേശം നൽകാൻ രാമായണത്തിന് സാധിക്കുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അനിഷേധ്യമായ ബന്ധം രാമായണം പ്രഖ്യാപിക്കുന്നു. രാമായണത്തിൽ അനേകം നാടകീയ മുഹൂർത്തങ്ങളുണ്ട്. അതിലൊന്നാണ് ശ്രീരാമൻ ലക്ഷ്മണന് നൽകിയ ഉപദേശം. ദശരഥൻ കൈകേയിക്ക് നൽകിയ വാക്ക് പാലിക്കുന്നതിന് രാമന് രാജ്യമുപേക്ഷിച്ച് വനത്തിലേക്ക് പോകേണ്ടിവരുമെന്ന് അറിയുമ്പോൾ അധർമ്മത്തിനെതിരെ ജ്വലിക്കുന്ന വാക്ശരങ്ങൾ പിതാവിനുനേരെ ലക്ഷ്മണൻ പ്രയോഗിക്കുന്നു. ക്രോധത്താൽ അന്ധനായിത്തീർന്ന ലക്ഷ്മണൻ പിതാവായ ദശരഥനെ ബന്ധിച്ചായാലും രാമനെ രാജാഭിഷേകം ചെയ്യിക്കണമെന്ന ചിന്തയിലെത്തുമ്പോൾ, തെറ്റ് പ്രവർത്തിച്ചാൽ അച്ഛനേയും ശിക്ഷയ്ക്ക് വിധേയനാക്കേണ്ടതാണെന്ന് ലക്ഷ്മണൻ ആക്രോശിക്കുന്നു. മൂന്ന് ലോകങ്ങളേയും ഭസ്മമാക്കാൻ പോകുന്ന കോപത്തോടെ നിൽക്കുന്ന ലക്ഷ്മണനിൽ പാവനമായ സ്നേഹത്താൽ മനസിൽ ഒഴുകിയെത്തുന്ന ഉപദേശാമൃതം നിറയ്ക്കുകയാണ് ശ്രീരാമൻ. പാവനമായ സ്നേഹത്തിൽ അധിഷ്ഠിതമായ ശാന്തി മന്ത്രങ്ങൾ ഭക്തിയുടെ ഏറ്റവും ഉയർന്ന തലത്തിലാണ് നിലകൊള്ളുന്നത്. അുജനാണെങ്കിലും ഭക്ത്യാദരപൂർവ്വമാണ് ശ്രീരാമൻ ലക്ഷ്മണന് ഉപദേശങ്ങൾ നൽകുന്നത്. രാജ്യവും ദേഹവും ബന്ധുക്കളും നശ്വരമാണെന്നും ആയുസ് ക്ഷണികമാണെന്നും മറ്റുമാണ് ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നത്. ക്രോധത്താൽ ജ്വലിച്ച് നിൽക്കുന്ന ലക്ഷ്മണൻ അവസാനം ശാന്തത കൈവരിക്കുന്നു.

കുടുംബത്തിൽ ഒരു പ്രശ്നമുണ്ടായാൽ മുതിർന്നവരുടെ സമയോചിതമായ ഇടപെടൽ എങ്ങിനെ ഒരു മനഃശാസ്ത്ര കൗൺസലിങ്ങിന്റെ ഫലം ചെയ്യുന്നുവെന്ന് രാമായണത്തിലെ ലക്ഷ്മണോപദേശം വെളിവാക്കുന്നു.

## ലൂഥറൻ ഹയർസെക്കന്ററി - സ്കൂൾ




ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ , ആര്യാട് പഞ്ചായത്ത് 5 -ാം വാർഡിൽ ആലപ്പുഴ മുഹമ്മ റോഡിൽ ഗുരുപുരത്തിനും കോമള പുരത്തിനും മദ്ധ്യേ കിഴക്ക ഭാഗത്തായി ഇന്ത്യാ ഇവാഞ്ചലിക്കൻ ലൂഥറൻ സഭയുടെ തിരുവനന്തപുരം സിനഡിൻ കീഴിലുള്ള ഇരുപത്തിമൂന്ന് സ്കൂളുകളിൽ ഒന്നായ ലൂഥറൻ ഹയർസെക്കന്ററി - സ്കൂൾ സ്ഥിതി ചെയ്യുന്നു . - 1920 കളിൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെപിന്നോക്കംനിന്നവരായിരുന്നു കോമളപുരത്തും സമീപപ്രദേശങ്ങളിലും വസിച്ചുവന്നത് . അവരുടെ ഇടയിലേക്ക് മിഷനറിമാർ ഇറങ്ങിച്ചെല്ലുകയും അവർക്ക് വേണ്ട ആഹാരവും വസ്ത്രവും മരുന്നും ലഭ്യമാക്കുകയും ചെയ്തിരുന്നു . വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമാണെന്ന് മനസ്സിലാക്കിയ മിഷനറിമാർ കുവാല സായിപ്പിന്റെ നേതൃത്വത്തിൽ ദേവാലയത്തോടൊപ്പം 1928 ൽ ഈ



സ്കൂളും സ്ഥാപിച്ചു . സാമ്പ ത്തികമായ ആനുകൂല്യങ്ങൾ നൽകിയാണ് ആദ്യമൊക്കെ അവരെ സ്കൂളിലേക്ക് ആകർഷിച്ചിരുന്നത് . 7 -ാം ക്ലാസ്സുവരെ ഇവിടെ സൗജന്യ

വിദ്യാഭ്യാസം നൽകിയിരുന്നു. - ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന കുട്ടികളെ സഭയുടെ തന്നെ തിരുവനന്ത പുരത്തുള്ള കൺകോഡിയ ലൂഥറൻ ഹൈസ്കൂളിൽ ചേർത്ത് തുടർവിദ്യാഭ്യാസം നൽകിയിരുന്നു . അവർക്ക് താമസവും ഭക്ഷണ സൗകര്യങ്ങളും സൗജന്യ മായി നൽകാൻ മിഷനറിമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു . അന്ന് ഈ സൗകര്യം പ്രയോജനപ്പെടുത്തിയ ഒട്ടേറെ പേർ സർക്കാർ സ്ഥാപനങ്ങളിലും ഇതര സ്ഥാപനങ്ങളിലും ജോലി നേടുകവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നു . ഇത് നാടിന്റെ വിദ്യാഭ്യാസ സാമ്പത്തിക സാമൂഹിക മേഖലകളിൽ ഒട്ടേറെ പുരോഗതി കൈവരിക്കാൻ സഹായകമായി . - - 1976 ൽ ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെടുകയും 2014 ൽ ഹയർസെക്കന്ററി യായി ഉയർത്തപ്പെട്ടിരിക്കു കയുമാണ് , ആയതിനാൽ ടി നഗരത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് ഈ സ്കൂളിൽ തുടർപഠനത്തിനുള്ള അവസരം ലഭ്യമായത് വലിയൊരു നേട്ടം തന്നെയാണ് . ഇപ്പോൾ ആര്യാട് പഞ്ചായത്തിലെ കുട്ടികൾക്കൊപ്പം ആലപ്പുഴ മുൻസിപ്പാലിറ്റി , മണ്ണഞ്ചേരി , മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെ കുട്ടികളും പഠിക്കുന്നു , വി . വി . എസ് . ഡി . എൽ . പി . എസ് , ഗവ . യു . പി . എസ് നോർത്ത് ആര്യാട് എന്നിവ ഈ സ്കൂളിന്റെ പിഡിംഗ് സ്കൂളുകളാണ് സ്ഥാപിത വർഷം മുതൽ ഇന്നുവരെ ആലപ്പുഴ ജില്ല യിലെ മറ്റ് മികച്ച സ്കൂളുകൾക്കൊപ്പം തലയുയർത്തി നിൽക്കുന്നു മികവിന്റെ ഈ വിദ്യാ കേന്ദ്രം ,

അമൽ

## തുണയില്ലാത്ത ജന്മങ്ങൾ

ഒരു പെരുമഴക്കാലം മഴപെയ്യുന്ന സമയത്ത് ജനാലയിലൂടെ ആ മഴയെ നോക്കിയിരിക്കാൻ ഉണ്ണിക്ക് വളരെ ഇഷ്ടമാണ് ആ സമയത്ത് മഴത്തുള്ളികൾ അവനെ മാടിവിളിക്കുന്നത് പോലെ അവന് തോന്നാറുണ്ട്. അപ്പുറത്തെ വീട്ടിലെ കുട്ടികൾ മഴയത്ത് ഓടികളിക്കുന്നത് അവൻ കാണാറുണ്ട് .അവന് ആ മഴനനയാൻ ഇഷ്ടമാണ് പക്ഷേ അമ്മ വഴക്കുപറഞ്ഞാലോ? അവൻ ആ മഴയും കുളിർകാറ്റും ആസ്വാദിച്ച് ജനാലയുടെ അരികിൽ തന്നെ ഇരുന്നു മഴ പിന്നെയും നന്നായി പെയ്തുകൊണ്ടെയിരുന്നു അവൻ അടുക്കളയിലേക്ക്
ചെന്നു.അമ്മ അടുക്കളയിൽ നല്ല തിരക്കിലാണ്.അവൻ ശല്യം ചെയ്യാൻ പോയില്ല. അവൻ ഉമ്മറവാതിക്കൽ ചെന്നിരുന്നു. നല്ല തണുത്തകാറ്റ് ! പിന്നെയും ആ മഴ അവനെ മാടിവിളിച്ചുകൊണ്ടേയിരുന്നു. അവന്റെ മനസ്സും ശരീരവും ആ മഴയെ ആകർഷിച്ചു കൊണ്ടേയിരുന്നു. അവനു തോന്നി മഴയത്ത് ഇറങ്ങിയാലോ? അവൻ എഴുന്നേറ്റുനിന്നു എന്നിട്ട് പുറത്തേക്ക് പയ്യെ നടന്നു. അവൻ ആ മഴ നനഞ്ഞു. അവൻ അൽപ്പനേരം ആ മഴയത്ത് നിന്നു ഉടൻതന്നെ അകത്തേക്ക് കയറി അമ്മ കാണാതെ തലയും മേലും തുണികൊണ്ട് തുടച്ചു. പിറ്റേ ദിവസം പനിയായി. ആശുപത്രിയിൽ കൊണ്ടുപോയി .മഴ നനഞ്ഞിരുന്നോ? എന്ന് ഡോക്ടർ ചോദിച്ചു അമ്മ കൂടെയുണ്ടായിരുന്നു അതുകൊണ്ട് അവൻ ഒരു കള്ളം പറഞ്ഞു. ഇല്ല എന്താണ് ഡോക്ടർ? അമ്മ ചോദിച്ചു .നല്ല പനിയുണ്ട് ഡോക്ടർ പറഞ്ഞു. മരുന്ന് കുറിച്ചു തന്നു. മരുന്ന് മേടിച്ചതിനു ശേഷം അവൻ വീട്ടിലേക്ക് പോയി. അഞ്ചു ദിവസത്തിനുശേഷം

അവന്റെ കണ്ണിനും ശരീരത്തിനു മൊക്കെ ചെറുതായി മഞ്ഞനിറം അവൻ പേടിച്ചു പോയി ഉടനെ ആശുപത്രിയിൽ കൊണ്ടുപോയി. അവന് മഞ്ഞപ്പിത്തമാണ് ആശുപത്രിയിൽ തന്നെ കുറച്ചുനാൾകിടക്കണം. അവനും അമ്മയും വീട്ടിൽ ഒറ്റയ്ക്കാണ് സ്വന്തമെന്ന് പറയാൻ അവർക്ക് അയൽപക്കത്തുള്ളവർ മാത്ര മാണ് ഉള്ളത് അവർ ഇടയ്ക്കൊക്കെ വരും. അതും എത്രനാൾ?. ഉണ്ണിക്ക് വല്ലായ്മ കൂടുന്നതല്ലാതെ ഒന്നും സംഭവിച്ചിട്ടില്ല. അമ്മയ്ക്കു ഭയവും ഏറിവന്നു. ഡോക്ടർമാരുടെ ശ്രദ്ധ അവനിൽ തന്നെയായിരുന്നു പക്ഷേ.. അവനെ നമ്മുടെ ലോകത്ത് പിടിച്ച് നിർത്താൻ ആർക്കും കഴിഞ്ഞില്ല. അവൻ വേറെ ഏതോലോകത്തേയ്ക്ക് യാത്ര പറഞ്ഞു. അമ്മയുടെ മനസ്സ് വിങ്ങിപ്പോയി. കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി. അമ്മ ആ ആശുപത്രിയിൽ നിന്ന് എങ്ങോട്ടെന്നില്ലാതെ നടന്നകന്നു.

ആനന്ദ്

## പെയ്തിട്ടുപോരാതെ




കാറ്റിനനുസരിച്ച് നീങ്ങുന്ന മേഘം മേഘത്തിന്റെ വക്കിൽ ഒരു വെള്ളത്തുള്ളി . തിളങ്ങുന്നകു ഞ്ഞുതുള്ളി. പെട്ടെന്നു പിടിവിട്ടു . പിടഞ്ഞു താഴേക്ക് . അയ്യോ കുഞ്ഞുതുള്ളി നിലവിളിച്ചു . എന്തിനാപേടിക്കുന്നേ ഞാനില്ലേ കൂടെ അതാരാ കുഞ്ഞുതുള്ളി ചുറ്റും നോക്കി . മറ്റൊരു തുള്ളി . ചന്തമുള്ള വലിയതുള്ളി . കുഞ്ഞുതുള്ളിക്കു സമാധാനമായി അവർ കൂട്ടുകാരായി . താഴേക്കു യാത്ര തുടർന്നു . കാറ്റുവിശി.കുഞ്ഞുതുള്ളി

ആടിയുലഞ്ഞു. എനിക്കുപേടിയാവുന്നു. തിരിച്ചുപോയാലോ കുഞ്ഞുതുള്ളി വലിയതുള്ളിയെനോക്കി . നീ താഴേക്കു നോക്കു . നമ്മുടെവരവും കാത്തുനിൽക്കുന്നവരെ കണ്ടില്ലേ. കുഞ്ഞുതുള്ളിക്ക് താഴെവരാൻ തിടുക്കമായി തുടങ്ങി . അവർ ചെറുതായി താഴെവരുന്നതുപോലെ അകന്നു പോവുകയും ചെയ്തു

നന്ദു

## ദു:ഖിതൻ



ഇന്ന് ചൊവ്വാഴ്ച്ചയാണ് കുട്ടികൾ വരിവരിയായി ഗ്രൗണ്ടിൽ ഒത്തുകൂടി . അസംബ്ളിയിൽ ഗോപു പെട്ടെന്ന് മറിഞ്ഞുവീണു. കുട്ടികൾ അവനെതാങ്ങിയെടുത്തു ക്ലാസ്സ് മുറിയിൽ കിടത്തി . ഇവനിന്നെന്തുപറ്റി ടീച്ചർ കണ്ണാടിയുയർത്തി കുട്ടികളോടീയി ചോദിച്ചു . അവന് പതിവ് തലകറക്കം തന്നെ മാഹീൻപരിഹാസത്തോടെപറഞ്ഞു നിങ്ങൾ അവനെ ഇങ്ങ് കൊണ്ടുവരു ടീച്ചർ പറഞ്ഞു കുട്ടികൾ ഗോപുവിനെ ടീച്ചറുടെ അടുത്തേക്ക് എത്തിച്ചു . ടീച്ചർ മൃദുവായി തലോടികൊണ്ട് എന്തുപറ്റി രാവിലെ ഒന്നും കഴിച്ചില്ലേ എന്നുചോദിച്ചു ഉടൻ തന്നെ ഗോപു പൊട്ടികരഞ്ഞു അവന്റെ വീട്ടിൽ അംഗ സഖ്യ കൂടുതലാണ് അവന് അതിനാൽ മിക്കവാറും ഭക്ഷണം ഒന്നും കിട്ടാറില്ല . അവന് ഭക്ഷണം വേണ്ടരീതിയിൽ കിട്ടാത്തതിനാലാണ് അവന്റെ ക്ഷീണം . കുട്ടികൾ ടീച്ചറിനോട് പറഞ്ഞു. ടീച്ചർ ഗോപുവിനെ സമാധാനിപിച്ചിട്ട് അവന് വയറുനിറച്ച് ഭക്ഷണം വാങ്ങിനൽകി.

വിജി

## ദശാംസംഖ്യകൾ – ഒരു തിരുവാതിരപ്പാട്ട്

കേളികണ്ടു പലതുമിയപ്പോൾ

ഗണിതം ലളിതമായി മാറ്റിടുവാൻ

പത്തുപേർ ഞങ്ങളി വൃത്തത്തിൽ നിൽക്കുന്നു

പത്തെന്നാൽ ദശമല്ലോ കൂട്ടുകാരേ

പത്തിലൊന്നാണു ഞാൻ വൃത്തമദ്ധ്യേ

പാത്തും പതുങ്ങിയും നടന്നിടുന്നു

പത്തിലൊന്നെന്നൊരു പോയിന്റൊണെന്നൊരു

തുല്യമാണല്ലോ എൻ കൂട്ടുകാരേ

പത്തിൽ രണ്ടാണല്ലോ പോയിന്റ് രണ്ട്

വ്യക്തമായി ഓർക്കണം കൂട്ടുകാരേ

പത്തിൽ മൂന്നാണല്ലോ ഞങ്ങളിപ്പോൾ

വൃത്തമദ്ധ്യത്തിൽ വന്നെത്തിയല്ലോ

പത്തിൽ ഒമ്പതാണു ഞങ്ങളിപ്പോൾ

മറ്റൊരു വൃത്തം ചമ

പത്തിൽ ഒമ്പതെന്നാൽ പോയിന്റൊമ്പത്

വ്യക്തമായി ഓർക്കണം കൂട്ടുകാരേ

പത്തിൽ പത്തെന്നാലോ ഒന്നുതന്നെ

ഒന്നായി നമ്മൾ കളിച്ചിടേണം

ഒന്നായി നമ്മൾ പഠിച്ചിടേണം


സജിത്ത്

## വിശ്വസിച്ചാലും ഇല്ലെങ്കിലും

നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഇടതും വലതുമായി ത്രികോണരൂപത്തിലിരിക്കുന്ന അക്കങ്ങൾ കൂത്തനെ കൂട്ടിയാൽ കിട്ടുന്ന തുകകൾ തുല്യമാണ്. 1,083,676,269 കൂട്ടിനോക്കൂ.ശരിയാണോ എന്നു പരിശോധിക്കൂ.

```
9 8 7 6 5 4 3 2 1    1 2 3 4 5 6 7 8 9
  8 7 6 5 4 3 2 1    1 2 3 4 5 6 7 8
    7 6 5 4 3 2 1    1 2 3 4 5 6 7
      6 5 4 3 2 1    1 2 3 4 5 6
        5 4 3 2 1    1 2 3 4 5
          4 3 2 1    1 2 3 4
            3 2 1    1 2 3
              2 1    1 2
```

ല്യൂഥറൻ എച്ച് എസ്എസ് സൗത്ത് ആര്യാട്ആലപ്പുഴ



## വൈലോപ്പിള്ളി ശ്രീധരമേനോൻ

ജീവിതയാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകൾ എഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോൻ (1911 മെയ് 11 - 1985 ഡിസംബർ 22 ). എറണാകുളം ജില്ലയിൽ തൃപ്പൂണിത്തറയിൽ കൊച്ചുകുട്ടൻ കർത്താവിന്റെയും, നാണിക്കുട്ടിയമ്മയുടേയും പുത്രനായി ജനിച്ചു, സസ്യശാസ്ത്രത്തിൽ ബിരുദമെടുത്തതിനുശേഷം 1931-ൽ അധ്യാപനവൃത്തിയിൽ പ്രവേശിച്ചു.

ഭാനുമതിഅമ്മയെ വിവാഹം ചെയ്തു, രണ്ട് ആൺമക്കൾ, ശ്രീകുമാർ, വിജയകുമാർ.

1966-ൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായാണ് വിരമിച്ചത്.മലയാളിയുടെ ഏറ്റവും സൂക്ഷ്മമായ രഹസ്യങ്ങളിൽ രൂപകങ്ങളുടെ വിരലുകൾകൊണ്ട് സ്പർശിച്ച കവിയാണ് വൈലോപ്പിള്ളി. എല്ലാ മരുഭൂമികളെയും നാമകരണം ചെയ്തു മുന്നേറുന്ന അജ്ഞാതനായ പ്രവാചകനെപ്പോലെ മലയാളിയുടെ വയലുകൾക്കും തൊടികൾക്കും സഹ്യപർവ്വതത്തിനും കയ്പവല്ലരിയ്ക്കും മണത്തിനും മഴകൾക്കുമെല്ലാം കവിതയിലൂടെ

അനശ്വരതയുടെ നാമം നൽകിയ വൈലോപ്പിള്ളി, കേരളത്തിന്റെ പുൽനാമ്പിനെ നെഞ്ചിലമർത്തിക്കൊണ്ട് എല്ലാ സമുദ്രങ്ങൾക്കും മുകളിൽ വളർന്നു നിൽക്കുന്നു.മാമ്പൂവിന്റെ മണവും കൊണ്ടെത്തുന്ന വൃശ്ചികക്കാറ്റ് മലയാളിയുടെ ഓർമ്മകളിലേക്ക് സങ്കടത്തിന്റെ ഒരശ്രുധാരയും കൊണ്ടുവരുന്നുണ്ട്. വൈലോപ്പിള്ളിയുടെ മാമ്പഴത്തിലൂടെ മലയാളി അനുഭവിച്ചറിഞ്ഞ ആ പുത്രദുഃഖം,ഒരു പക്ഷേ, ഭൂമിയുടെ അനശ്വരമായ മാതൃത്വത്തിലേക്ക് തിരിച്ചുപോയ പുത്രന്മാരുടെയും ജനപദങ്ങളുടെയും ഖേദമുണർത്തുന്നു.1985 ഡിസംബർ മാസം 22-ന് അന്തരിച്ചു.

രചനാശൈലി*

"ശ്രീ" എന്ന തൂലികാനാമത്തിൽ എഴുതിത്തുടങ്ങിയ കവിയുടെ കവിതകൾ പലതും കേരളത്തിൽ ഒരു ഭാവുകപരിവർത്തനം സൃഷ്ടിച്ചു. കേരളത്തിൽ ജന്മിത്തത്തിന്റെ അവസാന പിടിമുറുക്കൽ, സാമൂഹികവും സാമുദായികവുമായ മൂല്യങ്ങളുടെ പരിണാമഘട്ടം, ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ തികഞ്ഞലക്ഷ്യത്തോടെ മുന്നോട്ട് കുതിക്കുന്നു. രണ്ട് ലോകമഹായുദ്ധങ്ങൾ കണ്ട ഭൂമി, അതിന്റെ ഫലമായുണ്ടായ പട്ടിണിയും ദാരിദ്ര്യവും, എന്നിങ്ങനെ തികച്ചും അശാന്തമായ ഒരു കാലഘട്ടത്തിലാണ് കവി തന്റെ യൌവനം കഴിച്ചു കൂട്ടിയത്. കാലവും ലോകവും മാറുന്നു എന്നതാണ് വൈലോപ്പിള്ളി കവിതയുടെ ആധാരശില.വൈലോപ്പിള്ളിയുടെ സമപ്രായക്കാരനും, അടുത്തടുത്ത ഗ്രാമങ്ങളിൽ ജനിച്ചവരുമായിരുന്ന ചങ്ങമ്പുഴയുടേയും, ഇടപ്പള്ളി രാഘവൻപിള്ളയുടെയും കാൽപ്പനിക പ്രസ്ഥാനങ്ങൾ മലയാള കവിതാ രംഗത്തിൽ വെന്നിക്കൊടി പാറിച്ച് നിൽക്കുന്ന അവസരത്തിൽ അതിൽ നിന്നും തീർത്തും വ്യത്യസ്തമായി യാഥാർഥ്യത്തിന്റെ ഒരു പാത വെട്ടിത്തെളിച്ചെടുത്തവരിൽ ഒരാളായിരുന്നു വൈലോപ്പിള്ളി. ഇടശ്ശേരി ഗോവിന്ദൻ

നായർ, എൻ.വി. കൃഷ്ണവാര്യർ മുതലായവരായിരുന്ന അദ്ദേഹത്തിന്റെ സമപ്രായക്കാരും സമശൈലീയരും ആയിരുന്ന ചിലർ.

# പനിനീർറോസ

**ഞാൻ നട്ട വെള്ളമൊഴിച്ച വളർത്തിയ ഒരു**
**നല്ല റോസച്ചെടി പൂത്തു**
**നില്പൂ**
**പച്ചവില്ലീസിനെ**
**വെല്ലമിലകളും**
**പാരം തുടുത്തുള്ള**
**പൂക്കളുമായ്**
**മുറ്റ മഴകുകലർന്നിതു**
**മിന്നുന്നു**
**മുറ്റത്തിനേറ്റൊരലങ്കാരമായ്**
**കമ്പൊന്നു പണ്ടു കുഴിച്ചു ഞാൻ വച്ചതു**
**കണ്ടാലും വാച്ചു തഴച്ചിതിപ്പോൾ**
**കല്യാണം വീട്ടിന്നു കൈവളർത്തിടുന്നു**
**കണ്ണും കരളും കവർന്നീടുന്നു**
**ഏറ്റം വിരിഞ്ഞണിമേനിയിൽ നീർത്തുള്ളിയേറ്റ**
**വിളങ്ങുമിപ്പൂവിനെല്ലാം**
**എന്തൊരു വർണ്ണമിതെന്തൊരു മാർദ്ദവമെന്തൊരു**
**സൗരഭ്യ മമ്പമ്പമ്പോ**



ആദിൻ

## ആകാശപക്ഷി



ആകാശപ്പക്ഷിക്കുരണ്ടു മുട്ട
ആയിരമായിരം പൊന്നും കട്ട
ആകാശത്തായിരമാനക്കൂട്ടം
ആലോലക്കരയുന്നോരാനക്കൂട്ടം
ആകാശത്താരാണ്ടോ വില്ലുകെട്ടി
ആനന്ദ വർണ്ണങ്ങളിലിട്ടുകുട്ടി
ആകാശ വില്ലിന്റെ ആകെ നീളം
ആകാര സിന്ദൂരം ചക്രവാളം
ആകാശ നീലത്തിൽ പൊന്നുരുക്കാൻ
ആദിത്യനാംശാരി വന്നു പോകും
ആകാശപ്പെണ്ണിന് പട്ട് ചാർത്താൻ
ആരോമൽ തിങ്കൾ ഉദിച്ചുപൊങ്ങും
ആകാശ റാണിക്ക് മാലകെട്ടാൻ
ആയിരം നക്ഷത്രം കാത്തുനിൽക്കും
ആകാശദേവിക്ക് പാട്ട് പാടാൻ
ആഹ്ലാദം കൂട്ടുക, കൂട്ടുകാരേ.....

ശിവ പ്രസാദ്

**ചിങ്ങം വന്നാൽ**

മിടന്നു നിന്ന മലരിലെ മധുവും
നുകർന്നു പോയി പൂമ്പാറ്റ
ചാറിനടന്നും ഇത്തിരി നിന്നും
വർണ്ണത്തുമ്പികൾ പലവിധവും
കറുകപ്പുല്ലിലിരുന്ന ഹിമകണം
അടർന്നു വീണ കരിമണ്ണിൽ
വെട്ടിൽ പുൽമേൽ ഉയന്നു ചാടി
എത്ര വിചിത്രതയീ ലോകം
വാനംപാടികൾ ഗാനം പാടി
പലവിധ കൗതുകമായി
അണ്ണാറക്കണ്ണനും ഓടിച്ചാടി
ചിലച്ചു നിങ്ങിയതി വേഗം
ചിങ്ങം വന്നാലെന്തൊരു ചന്തം
അരുതേ ചിങ്ങം പോകരുതേ....

മുകിൽ